## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**08.06.2018 ൽ മറുപടിയ്ക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1614**

## ഓണത്തിന് ഒരു മുറം പച്ചക്കറി

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ വർഷത്തെ ഓണത്തിന് പച്ചക്കറി സുലഭമായി ലഭ്യമാക്കുവാൻ, 'ഓണത്തിന് ഒരു മുറം പച്ചക്കറി 'എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ഉണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 2017-18 ൽ ആരംഭിച്ച 'ഓണത്തിന് ഒരു മുറം പച്ചക്കറി' 'എന്ന പദ്ധതി 2018-19 ലും നടപ്പിലാക്കി വരുന്നു.ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകും.<br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വില വരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും സന്നദ്ധ സംഘടനകൾ മുഖേന 5 ലക്ഷം വിത്തു പായ്ക്കറ്റുകളും മാധ്യമങ്ങൾ വഴി 12 ലക്ഷം വിത്തു പായ്ക്കറ്റുകളും കർഷകർക്ക് വിതരണം ചെയ്യുന്നു.ഇതിനു പുറമേ 90.9 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുന്നതാണ്. ഹരിത കേരളം പദ്ധതി മുഖേന 42 ലക്ഷം വിത്ത് പായ്ക്കറ്റുകൾ സ്കൂൾ കുട്ടികൾക്ക് (ജൂൺ 5 നും 10 നും ഇടയ്ക്ക്) വിതരണം ചെയ്യുന്നുണ്ട്. ടി പരിപാടിയ്ക്ക് ആവശ്യമായ വിത്ത് പായ്ക്കറ്റുകൾ വി.എഫ് പി.സി.കെയാണ് ലഭ്യമാക്കുന്നത്. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി നടപ്പിലാക്കുന്ന തിനായുള്ള പച്ചക്കറി തൈകൾ/വിത്തു പായ്ക്കറ്റുകൾ (ജൂൺ 10 ന് മുമ്പ്) വിതരണം നടത്തുന്നതാണ്. കർഷകർക്ക് |

| | | | |
|---|---|---|---|
| | | | കൃഷിയെ സംബന്ധിച്ചുള്ള സംശയ നിവാരണത്തിനായുള്ള ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകുന്നതാണ്. |
| ബി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; | ബി) | ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമ്മസേന,അഗ്രോസർവ്വീസ് സെന്റർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ,കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |
| സി) | കഴിഞ്ഞ വർഷം ഈ പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ നൽകുന്നതിന് കാലതാമസം വന്നതിനാൽ ഓണക്കാലത്ത് പച്ചക്കറി വിളവെടുക്കുവാൻ സാധിക്കാതെ വന്നതായ വസ്തുത പരിഗണിച്ച് ഈ വർഷം നേരത്തെതന്നെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | പച്ചക്കറി തൈകൾ/വിത്തു പായ്ക്കറ്റുകൾ കർഷകർക്ക് ജൂൺ പകുതിയോടെ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ഈ പദ്ധതി പ്രകാരം മികച്ച നിലയിൽ കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) | 'ഓണത്തിന് ഒരു മുറം പച്ചക്കറി 'പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച നിലയിൽ പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000/-രൂപ,7500/- രൂപ,5000/- രൂപയും സംസ്ഥാന തലത്തിൽ 1,00,000/-രൂപ, 50,000/-രൂപ, 25,000 രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**